"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി.ഹോസ്പിറ്റൽ - പൂന്തി -അണമുഖം - ബൈപ്പാസ് റോഡ് വികസനം - എൽ.എ.ആർ.456/09-ന്മേലുള്ള ബാലൻസ് തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1607/2025/LSGD തീയതി, തിരുവനന്തപുരം, 27-06-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 456/2009 നമ്പർ കേസിന്മേലുള്ള 15/02/2012 തീയതിയിലെ വിധിന്യായം.
2. സ.ഉ.(സാധാ) നം. 1021/2018/റവ, തീയതി, 20/03/2018.
3. സ.ഉ.(പി) നം.32/2019/ധന, തീയതി, 18/03/2019.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 07/03/2024 തീയതിയിലെ എ3/1487/2009/ട്രിഡ നമ്പർ കത്ത്
5. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 19/05/2025 തീയതിയിലെ കെ10/55607/12 നമ്പർ കത്ത്

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്.ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 456/09 നമ്പർ കേസിന്മേൽ അടിയന്തര സാഹചര്യം പരിഗണിച്ച് റവന്യൂ വകുപ്പിൽ നിന്നും പരാമർശം (2) പ്രകാരം അനുവദിച്ച 7,19,587/- രൂപ (ഏഴ് ലക്ഷത്തി പത്തൊമ്പതിനായിരത്തി അഞ്ഞൂറ്റി എൺപത്തിയേഴ് രൂപ മാത്രം)-യും ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 13,757/- രൂപ (പതിമൂന്നായിരത്തി എഴുന്നൂറ്റി അമ്പത്തിയേഴ് രൂപ മാത്രം)-യും ഉൾപ്പെടെ ആകെ 7,33,344/- രൂപ (ഏഴ് ലക്ഷത്തി മുപ്പത്തിമൂവായിരത്തി മുന്നൂറ്റി നാല്പത്തിനാല് രൂപ മാത്രം) അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (3), (4) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്.ബൈപ്പാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നം. 381 (എൽ.എ. റീസർവ്വേ നം.218-ൽ ഉൾപ്പെട്ട 0.20 ആർ ഭൂമി

ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീമതി സുനന്ദ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 456/09 നമ്പർ കേസിന്മേൽ അടിയന്തര സാഹചര്യം പരിഗണിച്ച് റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ചിരുന്ന 7,19,587/- രൂപ (ഏഴ് ലക്ഷത്തി പത്തൊമ്പതിനായിരത്തി അഞ്ഞൂറ്റി എൺപത്തിയേഴ് രൂപ മാത്രം) '2075-00-800-05' എന്ന ശീർഷകത്തിലേക്ക് റീക്രൂപ്പ് ചെയ്യുന്നതിനും ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 13,757/- രൂപ (പതിമൂന്നായിരത്തി എഴുന്നൂറ്റി അമ്പത്തിയേഴ് രൂപ മാത്രം) ടി കേസിലെ കക്ഷിക്ക് അനുവദിക്കുന്നതിനുമായി ആകെ 7,33,344/- രൂപ (ഏഴ് ലക്ഷത്തി മുപ്പത്തിമൂവായിരത്തി മുന്നൂറ്റി നാല്പത്തിനാല് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീമതി സുനന്ദ, D/o മാധവൻ നായർ, റ്റി.സി.1/1983, 'ശ്രീ തിലകം', കുമാരപുരം, തിരുവനന്തപുരം (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/129/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 27-06-2025 16:40:26

സെക്ഷൻ ഓഫീസർ